# Sree Padmanabha Swamy Temple

Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com


ഫയൽ നം. സി 1എസ്.പി.എസ്.റ്റി/എം.ഒ/2024 14.06.2024

## ടെണ്ടർ നോട്ടീസ്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പ്രധാന ശ്രീകോവിലിന്റെ തടി വാതിലുകൾ പുനർ നിർമ്മിച്ച് നൽകാൻ താൽപര്യമുള്ളവരിൽ നിന്ന് താഴെ വിവരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1. മഹാക്ഷേത്രങ്ങളിൽ ഇത്തരം പണികൾ ചെയ്ത് പ്രാവീണ്യമുള്ള ഹിന്ദുക്കൾ മാത്രമേ ടെണ്ടർ സമർപ്പിക്കാൻ പാടുള്ളു. ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ടെണ്ടറിനോടൊപ്പം സമർപ്പിക്കണം. അല്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ പരിഗണിക്കുന്നതല്ല. അററകുററപ്പണികൾക്ക് ആവശ്യമുള്ള തടി ക്ഷേത്രത്തിൽ നിന്നും നൽകുന്നതായിരിക്കും. പണികൾ ക്ഷേത്ര പരിസരത്ത് വച്ചായിരിക്കും നടത്തേണ്ടത്. ആയതിനാൽ പണിക്കാർ എല്ലാം ഹിന്ദുമതസ്ഥർ ആയിരിക്കണം.
2. 8.5 അടി ഉയരത്തിൽ 43 ഇഞ്ച് വീതിയിൽ രണ്ട് പാളികളായി മൂന്ന് നടയിലും (ആകെ ആറ് എണ്ണം) വാതിലുകൾ നിർമ്മിച്ച് സൂത്രപ്പട്ടികകളും, സൂത്രപ്പട്ടികകളിൽ ആവശ്യമായ കൊത്തുപണികളും , ഫിററിംഗ്സുകളും ചെയ്ത് ഭംഗിയാക്കി ഫിററ് ചെയ്തു നൽകണം
3. പണികൾക്കായി ക്ഷേത്രം ലഭ്യമാക്കുന്ന മരം ആവശ്യമായ അളവിൽ അറുത്ത് ഉരുപ്പടിയാക്കുന്നതിനുള്ള ചുമതല നിർവ്വഹിക്കണം.
4. ക്ഷേത്രത്തിനകത്ത് വച്ച് ഓർഡർ തീയതി മുതൽ പരമാവധി ഒരു മാസത്തിനകം പണികൾ പൂർത്തിയാക്കി നൽകേണ്ടതാണ്.
5. എല്ലാ നികുതികളും ഉൾപ്പെടുത്തിയിട്ടുള്ള തുകയായിരിക്കണം ടെണ്ടർ തുകയായി ക്വാട്ട് ചെയ്യേണ്ടത്. അതായത് ക്വാട്ട് ചെയ്യുന്ന തുകയിൽ നിന്നും നിയമാനുസൃതമായ ഇൻകം ടാക്സ് കുറവ് ചെയ്ത തുകയായിരിക്കും അനുവദിക്കുന്നത്,. ആയതിലേയ്ക്കായി പാൻ കാർഡിന്റെ കോപ്പി ഹാജർ ആക്കേണ്ടതായി വരും

6. നിർവ്വഹിക്കേണ്ട പണികളുടെ ഗൗരവം കണക്കിലെടുത്ത് ഏററവും കുറഞ്ഞ തുക എന്നത് മാത്രമായിരിക്കില്ല ടെണ്ടർ മാനദണ്ഡം. ഇത്തരം പണികൾ ചെയ്യുന്നതിനുള്ള അവഗാഹം കൂടി പരിഗണിച്ച് മാത്രമേ ടെണ്ടർ ഉറപ്പിക്കുകയുള്ളു.

ഈ ടെണ്ടർ സംബന്ധമായി കാര്യകാരണ സഹിതം ടെണ്ടർ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരിപൂർണ്ണ അവകാശം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

മേൽവിവരിച്ച നിബന്ധനകൾക്കനുസൃതമായി ടെണ്ടർ സമർപ്പിക്കുവാൻ താൽപ്പര്യമുള്ളവർ 27.06.2024 വൈകിട്ട് 03.30 മണിക്കകം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്. ലഭിക്കുന്ന ടെണ്ടറുകൾ അന്നേദിവസം 04.00 മണിക്ക് ടെണ്ടർ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതും മുകളിൽ വിവരിച്ചിട്ടുള്ള നിബന്ധനകൾക്കനുസൃതമായി ടെണ്ടർ ഉറപ്പിച്ച് ഉത്തരവ് നൽകിയാൽ ഉടനടി പണി ആരംഭിക്കേണ്ടതും മുകളിൽ നിബന്ധനകളിൽ വിവരിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽ പണികൾ പൂർത്തീകരിച്ച് നൽകേണ്ടതുമാണ്. ഇത് സംബന്ധമായി കൂടുതൽ വിവരങ്ങൾ അറിയുവാനും നേരിട്ട് പരിശോധന നടത്തുവാൻ താൽപ്പര്യമുള്ളവർ ഓഫീസ് പ്രവൃത്തി സമയം രാവിലെ 10.00 മണിക്കും വൈകിട്ട് 5.00 മണിക്കും ഇടയിൽ നേരിട്ട് ഹാജരായാൽ അറിയാവുന്നതാണ്.

<u>ടെണ്ടർ ഒരു കവറിലാക്കി സീൽ ചെയ്ത് മുകളിൽ "ശ്രീകോവിൽ വാതിലുകളുടെ നിർമ്മാണത്തിന്റെ ആശാരി പണികൾക്കായുള്ള ടെണ്ടർ" എന്ന് എഴുതി സമർപ്പിക്കേണ്ടതാണ്"</u>

എക്സിക്യൂട്ടീവ് ഓഫീസർ

സ്വീകർത്താവ് : വെബ്സൈററ്, നാലു നടകളിലും